# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 മാർച്ച് 10

# വാർത്താക്കുറിപ്പ്

## എം.ഫിൽ പ്രവേശനം മാറ്റി

മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ ഇന്ന് (മാർച്ച് 11) നടത്താനിരുന്ന വിവിധ എം.ഫിൽ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം മാറ്റി. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ/39/356/2020)

## പരീക്ഷ തീയതി

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്‌സി. സൈബർ ഫോറൻസിക് യു.ജി. പരീക്ഷയുടെ ഫണ്ടമെന്റൽസ് ഓഫ് അക്കൗണ്ടിംഗ്, ഇലക്‌ട്രോണിക് കമ്മ്യൂണിക്കേഷൻ, ഇൻവെസ്റ്റ്‌മെന്റ് മാനേജ്‌മെന്റ് പരീക്ഷകൾ ഏപ്രിൽ ഒന്നിന് നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ/39/357/2020)

ആറാം സെമസ്റ്റർ സി.ബി.സി.എസ്. (2017 അഡ്മിഷൻ റഗുലർ) യു.ജി. പരീക്ഷകൾ മാർച്ച് 16 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ/39/358/2020)

## പ്രാക്ടിക്കൽ

2019 ഒക്‌ടോബറിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.വോക് ആനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ (2018 അഡ്മിഷൻ റഗുലർ, 2014-17 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് 16 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ/39/359/2020)

2019 നവംബറിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.എ. മ്യൂസിക് വോക്കൽ (സി.ബി.സി.എസ്. - 2019 അഡ്മിഷൻ റഗുലർ/2017, 2018 അഡ്മിഷൻ റീഅപ്പിയറൻസ് - കോർ/കോംപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് 16 മുതൽ 23 വരെ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ/39/360/2020)

## പരീക്ഷഫലം

2019 നവംബറിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്‌സി. കമ്പ്യൂട്ടർ എൻജിനീയറിംഗ് ആന്റ് നെറ്റ്‌വർക് ടെക്‌നോളജി (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/361/2020)

2019 ഫെബ്രുവരിയിൽ നടന്ന ഒന്നാം സെമസ്റ്റർ ഐ.എം.സി.എ. (2018 അഡ്മിഷൻ റഗുലർ - അഫിലിയേറ്റഡ് കോളേജുകൾ, 2017 അഡ്മിഷൻ സപ്ലിമെന്ററി - അഫിലിയേറ്റഡ് കോളേജുകൾ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 24 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/362/2020)

2019 മാർച്ചിൽ നടന്ന മൂന്നാം സെമസ്റ്റർ ഐ.എം.സി.എ. (2017 അഡ്മിഷൻ റഗുലർ - അഫിലിയേറ്റഡ് കോളേജുകൾ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 24 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/363/2020)

2019 മാർച്ചിൽ നടന്ന മൂന്നാം സെമസ്റ്റർ ഡി.ഡി.എം.സി.എ. സപ്ലിമെന്ററി (2014, 2015, 2016 അഡ്മിഷൻ - അഫിലിയേറ്റഡ് കോളേജുകൾ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 24 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/364/2020)

2019 ഫെബ്രുവരിയിൽ നടന്ന ഒന്നാം സെമസ്റ്റർ ഡി.ഡി.എം.സി.എ. (2014, 2015, 2016 അഡ്മിഷൻ - അഫിലിയേറ്റഡ് കോളേജുകൾ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 24 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/365/2020)

2019 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്‌സി. ഓപ്പറേഷൻസ് റിസർച്ച് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 24 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/366/2020)

## ദേശീയ സെമിനാർ മാറ്റി

മഹാത്മാ ഗാന്ധി സർവകലാശാല ഗാന്ധിയൻ പഠനവിഭാഗവും കേരള ചരിത്ര ഗവേഷണ കൗൺസിലും സംയുക്തമായി 'ഗാന്ധിയും കേരളവും' എന്ന വിഷയത്തിൽ ഇന്നു മുതൽ (മാർച്ച് 11) നടത്താനിരുന്ന ദ്വിദിന ദേശീയ സെമിനാർ മാറ്റിവച്ചു.

(പി.ആർ.ഒ/39/367/2020)

## എം.ജി. പരീക്ഷകൾക്ക് മാറ്റമില്ല; സുരക്ഷ മാനദണ്ഡങ്ങൾ പാലിച്ച് പരീക്ഷ നടത്തിപ്പ്

മഹാത്മാ ഗാന്ധി സർവകലാശാല പരീക്ഷകൾ മുൻ നിശ്ചയപ്രകാരം നടക്കുമെന്നും ഹാളുകളിൽ പരീക്ഷ നടത്തിപ്പിന് ആരോഗ്യവകുപ്പിന്റെ സുരക്ഷ മാനദണ്ഡങ്ങൾ ഉറപ്പുവരുത്താൻ പ്രിൻസിപ്പൽമാർ ശ്രദ്ധിക്കണമെന്നും വൈസ് ചാൻസലർ അറിയിച്ചു. കൊറോണ (കോവിഡ് 19) പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി അഫിലിയേറ്റഡ് കോളേജുകൾക്കും സർവകലാശാല പഠനവകുപ്പുകൾക്കും മാർച്ച് 31 വരെ സർക്കാർ അവധി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും പരീക്ഷകൾ മാറ്റമില്ലാതെ നടക്കും. പിഎച്ച്.ഡി. വൈവാവോസി മാർച്ച് 31 വരെ നടക്കില്ല. സർവകലാശാലയിൽ വിവിധ അപേക്ഷകൾ സമർപ്പിക്കേണ്ടവർ ഓൺലൈൻ സേവനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണം. അപേക്ഷകൾ സ്വീകരിക്കുന്നതിന് പ്രത്യേകപെട്ടികൾ സജ്ജീകരിച്ചിട്ടുണ്ട്. അപേക്ഷകൾ സെക്ഷനുകളിൽ നേരിട്ട് സ്വീകരിക്കില്ല. സർവകലാശാല ഹോസ്റ്റലുകളിൽ പുറത്തുനിന്നുള്ളവരെ പ്രവേശിപ്പിക്കില്ല. കാമ്പസിൽ യോഗങ്ങളും സമ്മേളനങ്ങളും പഠനവകുപ്പുകളിൽ സെമിനാർ, സിമ്പോസിയം, കോൺഫറൻസ് എന്നിവയും മാർച്ച് 31 വരെ നടത്തില്ല. പൊതുജന സമ്പർക്കമുള്ള സെക്ഷനുകളിൽ സുരക്ഷ മാനദണ്ഡങ്ങൾ കർശനമായി നടപ്പാക്കും.

(പി.ആർ.ഒ/39/368/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ